പരമകാരുണികനും ഏറ്റവും ദയാപരനുമായ അല്ലാഹുവിന്റെ നാമത്തിൽ

## സമൂഹത്തിൽ ശൂറായുടെ (കൂടിയാലോചന) സ്വാധീനം

അല്ലാഹുവിനെ വിശ്വസിക്കുന്ന ദാസർക്ക് പിന്തുടരുന്നതിനുള്ള ഒരു രീതിയായി ശൂറാ (കൂടിയാലോചന) കൊണ്ടുവന്നവനും മഹാത്മാക്കൾക്കിടയിൽ ശൂറായെ ആത്മാർത്ഥതയുടെ ഒരു സ്രോതസ്സായി മാറ്റിയവനുമായ അല്ലാഹുവിന് എല്ലാ ആരാധനയും ചേരട്ടെ. വിശുദ്ധ ഖുറാനിലെ പ്രബോധനങ്ങളുമായി ബന്ധപ്പെട്ട് അനുയായികളുടെ ഉപദേശം തേടാനും മറ്റുള്ളവരുടെ അഭിപ്രായങ്ങൾ കണക്കിലെടുക്കാനും പ്രവാചകനായ മുഹമ്മദ് നബിയെ (സ്വ) ഉദ്ബോധിപ്പിച്ച അല്ലാഹുവല്ലാതെ, ആരാധനയ്ക്ക് യോഗ്യനായ മറ്റൊരു ദൈവമില്ലെന്നതിന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അവന്റെ ദാസനും പ്രിയപ്പെട്ട ദൂതനും ധർമ്മനിഷ്ഠയുടെയും ദൈവഭക്തിയുടെയും ഉദ്ബോധകനുമായ മുഹമ്മദ് നബിക്കും (സ്വ) ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബിയിലും (സ്വ) അവന്റെ കുടുംബാംഗങ്ങളിലും അനുയായികളിലും അവന്റെ ബോധനങ്ങളെ പിന്തുടർന്നവരിലും, ഉയിർത്തെഴുന്നേൽപ്പിന്റെ നാൾ വരെ അല്ലാഹു സമാധാനവും ബഹുമതിയും ചൊരിയട്ടെ.

അല്ലാഹുവിന്റെ ദാസരേ!

അല്ലാഹുവിനെ ഭയപ്പെടുക, നിങ്ങളെ ചെയ്യുന്ന എല്ലാ പ്രവൃത്തികളിലും അവന്റെ സംതൃപ്തി മാത്രം കാണുക. [സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. നിങ്ങൾ മുസ്ലിങ്ങളായിക്കൊണ്ടല്ലാതെ മരിക്കാനിടയാകരുത്] (സൂറത്ത് ആലു ഇംറാൻ 102). സമുദായം രൂപപ്പെടുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന ഘടകം ശൂറാ (കൂടിയാലോചന) ആണെന്ന് മനസ്സിലാക്കുക. അല്ലാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ. അഭിവൃദ്ധിപ്പെടുന്ന രാഷ്ട്രങ്ങളുടെയും സംസ്കാരങ്ങളുടെയും അടിസ്ഥാന തത്വമാണത്. നബി തിരുമേനിക്ക് (സ്വ) അല്ലാഹു എല്ലാ പിന്തുണയും നൽകിയിരുന്നു എങ്കിലും എല്ലാകാര്യങ്ങളിലും കൂടെയുള്ളവരുടെ അഭിപ്രായം ചോദിക്കാൻ അവൻ മറന്നിരുന്നില്ല. തങ്ങൾ ഉയർന്ന നിലയിലാണെന്നും തങ്ങൾ പറയുന്ന കാര്യങ്ങൾക്കും മതിപ്പുണ്ടെന്നും അങ്ങനെ കൂടെയുള്ളവർക്ക് തോന്നിയിരുന്നു. തൽഫലമായി, അവർ നബിയെ (സ്വ) സ്നേഹിച്ചു, അവന്റെ ആജ്ഞകൾ വിശ്വാസപൂർവ്വം അനുസരിച്ചു, അവന്റെ ഉത്തരവുകൾ കർശനമായി പിന്തുടർന്നു. സർവ്വശക്തനായ അല്ലാഹു പറയുന്നു: [(നബിയേ,) അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൌമ്യമായി പെരുമാറിയത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽ നിന്നും അവർ പിരിഞ്ഞ് പോയിക്കളയുമായിരുന്നു. ആകയാൽ നീ അവർക്ക് മാപ്പുകൊടുക്കുകയും, അവർക്ക് വേണ്ടി പാപമോചനം തേടുകയും ചെയ്യുക. കാര്യങ്ങളിൽ നീ അവരോട് കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ നീ ഒരു തീരുമാനമെടുത്ത് കഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപ്പിക്കുക.

തന്നിൽ ഭരമേൽപ്പിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നതാണ്] (സൂറത്ത് ആലു ഇംറാൻ 159).

ഓരോ കാര്യങ്ങളിലും മറ്റുള്ളവരുമായി കൂടിയാലോചിക്കണം എന്ന് വിശുദ്ധ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നത് ധർമ്മനിഷ്ഠമായ കാര്യങ്ങൾക്കായി ആളുകളെ ഒരുമിച്ച് ചേർക്കുന്നതിലും മനസ്സുകൾ തമ്മിൽ മനസ്സിലാക്കുന്നതിനും ശൂറായുടെ (കൂടിയാലോചന) പ്രാധാന്യം വെളിപ്പെടുത്തുന്നു. പൊതുവായ പ്രശ്നങ്ങൾ കൈകാര്യം ചെയ്തുകൊണ്ടും അതുമായി ബന്ധപ്പെട്ട വ്യത്യസ്തമായ അഭിപ്രായങ്ങൾ ചർച്ച ചെയ്തുകൊണ്ടും വിനിമയം ചെയ്തുകൊണ്ടുമാണ് ഇത് കൈവരിക്കാനാവുക.

ഫലത്തിൽ, വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ മാത്രമല്ല, ജനങ്ങളിൽ പൗരബോധം ഊട്ടിയുറപ്പിക്കുന്നതിനും കാരുണ്യത്തിന്റെ പ്രസക്തി ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും അവരെക്കൊണ്ട് കടമകളും ഉത്തരവാദിത്തങ്ങളും ഏറ്റെടുപ്പിക്കുന്നതിനും രാജ്യങ്ങൾക്ക് തിരഞ്ഞെടുക്കാവുന്ന ഏറ്റവും നല്ല മാർഗ്ഗമാണ് ശൂറാ അല്ലെങ്കിൽ കൂടിയാലോചന.

പ്രിയ മുസ്ലീങ്ങളേ!

രണ്ട് തരത്തിലുള്ള സമൂഹ മനോഭാവങ്ങളെ കുറിച്ചും സംസ്കാരങ്ങൾക്ക് ഉണ്ടായ രണ്ട് വ്യത്യസ്ത അനന്തരഫലങ്ങളെ കുറിച്ചും വിശുദ്ധ ഖുറാനിൽ പരാമർശിക്കുന്നുണ്ട്. ശൂറായെ അല്ലെങ്കിൽ കൂടിയാലോചനയെ ആളുകൾക്ക് ഇടയിൽ ഒരു അടിസ്ഥാന സമ്പ്രദായമാക്കിയ ഒരു സമൂഹത്തിന്റെയും കൂടിയാലോചനയെ അവഗണിച്ച ഒരു സമുദായത്തിന്റെയും രണ്ട് ഉദാഹരണങ്ങളാണ് ഖുറാനിൽ വിവരിക്കുന്നത്. പല വർഷങ്ങളോളം ഈജിപ്തിനെ ഭരിക്കുകയും ധാരാളം പണവും മറ്റ് സമ്പത്തുകളും ഉണ്ടാക്കുകയും ചെയ്ത ഫിർഔന്റെ ഉദാഹരണം കാണുക. തന്റെ സമ്പത്തിലും കയ്യൂക്കിലും അഹങ്കരിച്ച ഫിർഔനെ കുറിച്ച് ഖുറാനിൽ അല്ലാഹു ഇങ്ങനെ പറയുന്നു, [ഫിർഔൻ തന്റെ ജനങ്ങൾക്കിടയിൽ ഒരു വിളംബരം നടത്തി. അവൻ പറഞ്ഞു: എന്റെ ജനങ്ങളേ, ഈജിപ്തിന്റെ ആധിപത്യം എനിക്കല്ലേ? ഈ നദികൾ ഒഴുകുന്നതാകട്ടെ എന്റെ കീഴിലൂടെയാണ്. എന്നിരിക്കെ നിങ്ങൾ (കാര്യങ്ങൾ) കണ്ടറിയുന്നില്ലേ?] (സൂറത്ത് അൽ സുഖ്റുഫ് 51). അവസാനം ഫിർഔനെയും അവന്റെ ജനങ്ങളെയും നയിക്കുന്നതിന് മൂസാനബിയെയും ഹാറൂൺ നബിയെയും - അല്ലാഹുവിന്റെ സമാധാനം അവരുടെ മേൽ എന്നും ഉണ്ടായിരിക്കട്ടെ - അല്ലാഹു അയച്ചു. എന്തൊക്കെ ഉണ്ടായാലും, സ്വന്തം സ്വഭാവം മാറ്റുന്നതിനും മറ്റുള്ളവരുമായി കൂടിയാലോചിക്കുന്നതിനും ഫിർഔൻ വിസമ്മതിച്ചു. തുടർന്ന്, അവന്റെ സ്വന്തം സമുദായത്തിലെ ചിലർ ശരിയെന്താണ് എന്നതിന്റെ തെളിവുകൾ അവന് നൽകുകയും ശരിയായ പാതയിലേക്ക് ചരിക്കുവാൻ അവനെ ഉപദേശിക്കുകയും ചെയ്തു. എന്നാൽ അതും അവൻ നിരാകരിച്ചു, തന്റെ സമ്പത്തിലും ശക്തിയിലും അഹങ്കരിച്ചു, [ഫിർഔന്റെ ആൾക്കാരിൽപ്പെട്ട - തന്റെ വിശ്വാസം മറച്ചു വെച്ചുകൊണ്ടിരുന്ന - ഒരു വിശ്വാസിയായ മനുഷ്യൻ പറഞ്ഞു: എന്റെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുന്നതിനാൽ നിങ്ങൾ ഒരു മനുഷ്യനെ കൊല്ലുകയോ? അദ്ദേഹം നിങ്ങൾക്ക് നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള വ്യക്തമായ തെളിവുകൾ കൊണ്ടു വന്നിട്ടുണ്ട്. അദ്ദേഹം കള്ളം പറയുന്നവനാണെങ്കിൽ കള്ളം പറയുന്നതിന്റെ ദോഷം അദ്ദേഹത്തിന് തന്നെയാണ്. അദ്ദേഹം സത്യം പറയുന്നവനാണെങ്കിലോ അദ്ദേഹം നിങ്ങൾക്ക് താക്കീത് നൽകുന്ന ചില കാര്യങ്ങൾ (ശിക്ഷകൾ) നിങ്ങളെ ബാധിക്കുകയും ചെയ്യും. അതിക്രമകാരിയും വ്യാജവാദിയുമായിട്ടുള്ള ഒരാളെയും അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച. എന്റെ ജനങ്ങളേ, ഭൂമിയിൽ മികച്ചുനിൽക്കുന്നവർ എന്ന നിലയിൽ ഇന്ന് ആധിപത്യം നിങ്ങൾക്ക് തന്നെ. എന്നാൽ അല്ലാഹുവിന്റെ ശിക്ഷ നമുക്ക് വന്നാൽ അതിൽ നിന്ന് നമ്മെ രക്ഷിച്ചു സഹായിക്കാൻ ആരുണ്ട്?

ഫിർഔൻ പറഞ്ഞു: ഞാൻ (ശരിയായി) കാണുന്ന മാർഗം മാത്രമാണ് ഞാൻ നിങ്ങൾക്ക് കാണിച്ചുതരുന്നത്. ശരിയായ മാർഗത്തിലേക്കല്ലാതെ ഞാൻ നിങ്ങളെ നയിക്കുകയില്ല] (സൂറത്ത് അൽ ഗഫിർ 28-29).

ശൂറായെ അവഗണിച്ചതാണ് ഫിർഔന്റെ സമുദായം തകർന്നടിയാൻ ഉണ്ടായ യഥാർത്ഥ കാരണം. ഫിർഔന്റെയും സമുദായത്തിന്റെയും സ്വഭാവത്തിന് വിപരീതമായി, കൂടിയാലോചനയെ അടിസ്ഥാനശിലയാക്കുകയും അങ്ങനെ സമൃദ്ധിയിലേക്ക് കുതിക്കുകയും ചെയ്ത ഒരു സമുദായത്തെ കുറിച്ചും വിശുദ്ധ ഖുറാൻ പറയുന്നുണ്ട്. ഒരു സ്ത്രീ വാണിരുന്ന ശേബ എന്ന രാജ്യത്തെ കുറിച്ചുള്ളതാണ് ഇത്. ശേബയിലെ രാജ്ഞിയുടെ വായിൽ നിന്ന് നിർഗ്ഗളിച്ചിരുന്നത് വിവേകമായിരുന്നു, തന്റെ അഭിപ്രായങ്ങളിൽ രാജ്ഞി ദയാവായ്പ്പ് നിറച്ചിരുന്നു. അല്ലാഹുവിന്റെ പ്രവാചകനായ സുലൈമാൻ (സ്വ) രാജ്ഞിയുടെ പക്കൽ വരികയും ഇസ്ലാം മതത്തിൽ ചേരുന്നതിന് അല്ലാഹു അവരോട് ആജ്ഞാപിച്ചിരിക്കുന്നു എന്ന് അറിയിക്കുകയും ചെയ്തു. രാജ്ഞി ഇക്കാര്യം ചർച്ചയ്ക്ക് വയ്ക്കുകയും എല്ലാവരുടെയും അഭിപ്രായങ്ങൾ തേടുകയും ചെയ്തു. [അവൾ പറഞ്ഞു: ഹേ; പ്രമുഖൻമാരേ, എനിക്കിതാ മാന്യമായ ഒരു എഴുത്ത് നൽകപ്പെട്ടിരിക്കുന്നു. അത് സുലൈമാന്റെ പക്കൽ നിന്നുള്ളതാണ്. ആ കത്ത് ഇപ്രകാരമത്രെ: പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. എനിക്കെതിരിൽ നിങ്ങൾ അഹങ്കാരം കാണിക്കാതിരിക്കുകയും, കീഴൊതുങ്ങിയവരായിക്കൊണ്ട് നിങ്ങൾ എന്റെ അടുത്ത് വരികയും ചെയ്യുക. അവൾ പറഞ്ഞു: ഹേ; പ്രമുഖൻമാരേ, എന്റെ ഈ കാര്യത്തിൽ നിങ്ങൾ എനിക്ക് നിർദേശം നൽകുക. നിങ്ങൾ എന്റെ അടുക്കൽ സന്നിഹിതരായിട്ടല്ലാതെ യാതൊരു കാര്യവും ഖണ്ഡിതമായി തീരുമാനിക്കുന്നവളല്ല ഞാൻ. അവർ പറഞ്ഞു: നാം ശക്തിയുള്ളവരും ഉഗ്രമായ സമരവീര്യമുള്ളവരുമാണ്. അധികാരം അങ്ങേക്കാണല്ലോ, അതിനാൽ എന്താണ് കൽപിച്ചരുളേണ്ടതെന്ന് ആലോചിച്ചു നോക്കുക] (സൂറത്ത് അൽ നംൽ 29-33). സംസ്കാരം രൂപം കൊള്ളുന്നതിനുള്ള അടിസ്ഥാനശില ശൂറാ അല്ലെങ്കിൽ കൂടിയാലോചനയാണെന്ന് രാജ്ഞിക്ക് അറിയാമായിരുന്നു. അതിനാലാണ് രാജ്ഞി മറ്റുള്ളവരുടെ അഭിപ്രായം കൂടി ചോദിച്ചത്. അതിനവൾക്ക് അല്ലാഹു പാരിതോഷികം നൽകുകയും ചെയ്തു. അവളുടെ രാജ്യം അചഞ്ചലമായി നിലകൊണ്ടു, അല്ലാഹുവിലുള്ള വിശ്വാസത്താൽ പരലോകത്തിലും അവൾ ആദരിക്കപ്പെട്ടു [അവൾ പറഞ്ഞു: എന്റെ രക്ഷിതാവേ, ഞാൻ എന്നോട് തന്നെ അന്യായം ചെയ്തിരിക്കുന്നു. ഞാനിതാ സുലൈമാനോടൊപ്പം ലോകരക്ഷിതാവായ അല്ലാഹുവിന് കീഴ്പെട്ടിരിക്കുന്നു] (സൂറത്ത് അൽ നംൽ 44).

പ്രിയ മുസ്ലീങ്ങളേ!

കൂടിയാലോചനകളെ ബഹുമാനിച്ച രാജ്യത്തിന്റെയും അവഗണിച്ച സംസ്കാരത്തിന്റെയും അവസ്ഥയെന്തായി എന്ന് വിശുദ്ധ ഖുറാൻ നമുക്ക് കാണിച്ചുതരുന്നു. ഇതിനർത്ഥം വിശ്വാസികളായ നാം എല്ലാവരും കൂടിയാലോചനകളിൽ വിശ്വസിക്കണമെന്നും ചെയ്യുന്ന എല്ലാ കാര്യങ്ങളിലും കൂടിയാലോചനകൾ ഉൾപ്പെടുത്തണമെന്നുമാണ്. [തങ്ങളുടെ രക്ഷിതാവിന്റെ ആഹ്വാനം സ്വീകരിക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും, തങ്ങളുടെ കാര്യം തീരുമാനിക്കുന്നത് അന്യോന്യമുള്ള കൂടിയാലോചനയിലൂടെ ആയിരിക്കുകയും, നാം നൽകിയിട്ടുള്ളതിൽ നിന്ന് ചെലവഴിക്കുകയും ചെയ്തവരാരോ, അവർക്ക്] (സൂറത്ത് അൽ ശൂറാ 38) സകലതും ലഭിക്കുമെന്നാണ്, വിശ്വസിക്കുന്ന ദാസരെയും ധർമ്മിഷ്ഠരായ പുണ്യാത്മാക്കളെയും വിവരിച്ചുകൊണ്ട് സർവ്വശക്തനായ അല്ലാഹു പറയുന്നത്. അല്ലാഹുവിൽ വിശ്വസിക്കുന്നവരുടെ നേട്ടമാണ് കൂടിയാലോചന. കൂടിയാലോചനകൾ നമ്മുടെ ഉള്ളം ശുദ്ധീകരിക്കുന്നു. പ്രാർത്ഥനകൾ തുടരാനും പെരുമാറ്റരീതി നേരെയാക്കാനും നാമായിരിക്കുന്ന

സമൂഹത്തിന്റെയും രാജ്യത്തിന്റെയും നന്മയ്ക്ക് വേണ്ടി പ്രയത്നിക്കാനും കൂടിയാലോചനകൾ വിശ്വാസികളെ പ്രാപ്തരാക്കുന്നു. മുസ്ലീമിന്റെ കാര്യങ്ങളിൽ ശ്രദ്ധിക്കാത്ത ആരും മുസ്ലീം സമൂഹത്തിലെ അംഗമല്ല എന്ന് നബി തിരുമേനി (സ്വ) തന്റെ ഹസീസുകളിൽ പറയുന്നത് വെറുതെയല്ല. കാര്യങ്ങൾ നേരെയാക്കാനും അവകാശങ്ങൾ സംരക്ഷിക്കാനും താൽപ്പര്യങ്ങൾ പരിരക്ഷിക്കാനും ആളുകൾക്ക് ഇടയിൽ ആശയവിനിമയം നടത്തേണ്ടത് സാധാരണ ജീവിതത്തിൽ അത്യന്താപേക്ഷിതമാണ്. അല്ലാഹുവിന്റെ പരമപ്രധാനമായ ആജ്ഞകളിലൊന്ന് പരസ്പരം ഉപദേശിക്കുക എന്നതാണ്, പൊതുവായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും സാമൂഹിക കാര്യങ്ങളിൽ സമവായം ഉണ്ടാക്കിയെടുക്കുന്നതിനും കൂടിയാലോചനകൾക്ക് വളരെ പ്രാധാന്യമുണ്ട്.

എനിക്കും നിങ്ങൾക്കും ലോകത്തിലെ മറ്റ് മുസ്ലീങ്ങൾക്കും വേണ്ടി അല്ലാഹുവിൽ നിന്ന് ഞാൻ മാപ്പപേക്ഷിക്കുന്നു. മാപ്പുനൽകുന്നവനും ദയാപരനുമാണ് അല്ലാഹു. മാപ്പപേക്ഷിക്കുന്ന നിങ്ങളോട് അവൻ പ്രതികരിക്കും. മാപ്പ് അപേക്ഷിക്കുന്നവരെ അവനൊരിക്കലും കൈവിടില്ല, ദയാനിധിയാണ് അവൻ.

************************************

ഒരുമ ഉണ്ടാകുന്നതിനും ഹൃദയങ്ങളിൽ ഹൃദ്യമായ അനുഭവം സൃഷ്ടിക്കുന്നതിനും താൽപ്പര്യങ്ങളിലേക്കുള്ള സഞ്ചാരത്തിൽ സഹവർത്തിത്വം രൂപപ്പെടുന്നതിനും, മറ്റുള്ളവരിൽ നിന്ന് ഉപദേശം സ്വീകരിക്കാൻ തന്നെ വിശ്വസിക്കുന്ന ദാസരോട് ആജ്ഞാപിച്ചവനായ അല്ലാഹുവിന് എല്ലാ സ്തുതിയും. അല്ലാഹുവല്ലാതെ മറ്റൊരു ദൈവം ആരാധനയ്ക്ക് യോഗ്യനല്ലെന്നതിന് ഞാൻ സാക്ഷ്യം വഹിക്കുന്നു. പറഞ്ഞതിലും പ്രവർത്തിച്ചതിലും പ്രകാശഗോപുരമായവനും എല്ലാ കാര്യങ്ങളിലും അനുയായികളുമായി കൂടിയാലോചന നടത്തിയവനും അല്ലാഹുവിന്റെ പ്രവാചകനും ദൂതനുമായ നബി തിരുമേനിക്കും (സ്വ) ഞാൻ സാക്ഷ്യം വഹിക്കുന്നു. അവന്റെ മേലും അവന്റെ കുടുംബാംഗങ്ങളുടെ മേലും അവന്റെ എല്ലാ അനുയായികളുടെ മേലും അവന്റെ ബോധനങ്ങളും സന്ദേശങ്ങളും പാലിച്ചവരുടെ മേലും, ഉയിർത്തെഴുന്നേൽപ്പിന്റെ ദിവസം വരെ, അല്ലാഹു സമാധാനവും അനുഗ്രഹവും ചൊരിയട്ടെ.

വിശ്വാസത്തിൽ സഹോദരരേ!

വിദ്യാഭ്യാസത്തിന്റെയും അറിവിന്റെയും കാര്യത്തിലും, വിചാരശക്തിയുടെയും അനുഭവസമ്പത്തിന്റെയും കാര്യത്തിലും യോഗ്യതയുള്ളവരാണ് "സംഘ"ത്തെ പ്രതിനിധീകരിക്കേണ്ടത് എന്നാണ് ശൂറായുടെ (കൂടിയാലോചനയുടെ) നിയമം. അത്തരമൊരാൾ സത്യസന്ധനായിരിക്കണം, ശൂറയ്ക്ക് അല്ലെങ്കിൽ കൂടിയാലോചനയ്ക്ക് എതിരായ സ്വഭാവവിശേഷതകളിൽ നിന്ന് സ്വതന്ത്രനായിരിക്കണം, ഭൗതിക പ്രലോഭനങ്ങളിലോ ചെറുക്കാനാവാത്ത അഭിലാഷങ്ങളിലോ വീഴാനും പാടില്ല. ഇത്തരം യോഗ്യതകൾ ജനങ്ങൾക്ക് മുന്നിൽ കാഴ്ചവയ്ക്കുന്നവനാണ് യോഗ്യനായ വ്യക്തി, കാരണം പദവികളും സ്ഥാനങ്ങളും ആർക്കും ഏറ്റെടുക്കാവുന്നവയല്ല. ചുമതല ഏറ്റെടുക്കാനും സമുദായത്തെ സേവിക്കാനും കഴിവുള്ളവർ മാത്രമാണ് പദവികളും സ്ഥാനങ്ങളും വഹിക്കേണ്ടത്. രാജ്യത്തെ ഖജനാവുകളുടെ ചുമതല ഏറ്റെടുക്കാനും അവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യാനും താനൊരുക്കമാണെന്ന് രാജാവിനെ അറിയിച്ച യൂസുഫ് അൽ സാദിക്ക് നബിയുടെ (സ്വ) ഉദാഹരണം കാണുക. അങ്ങനെ ചെയ്യാൻ ആവശ്യമായ പ്രാവീണ്യം തനിക്കുണ്ടെന്ന് രാജാവിനോട് അവൻ പറഞ്ഞു. സർവ്വശക്തനായ അല്ലാഹു പറയുന്നു, [രാജാവ് പറഞ്ഞു: നിങ്ങൾ അദ്ദേഹത്തെ എൻറെ അടുത്ത് കൊണ്ട് വരൂ. ഞാൻ അദ്ദേഹത്തെ എന്റെ ഒരു

പ്രത്യേകക്കാരനായി സ്വീകരിക്കുന്നതാണ്. അങ്ങനെ അദ്ദേഹത്തോട് സംസാരിച്ചപ്പോൾ രാജാവ് പറഞ്ഞു: തീർച്ചയായും താങ്കൾ ഇന്ന് നമ്മുടെ അടുക്കൽ സ്ഥാനമുള്ളവനും വിശ്വസ്തനുമാകുന്നു. അദ്ദേഹം (യൂസുഫ്) പറഞ്ഞു: താങ്കൾ എന്നെ ഭൂമിയിലെ ഖജനാവുകളുടെ അധികാരമേൽപ്പിക്കൂ. തീർച്ചയായും ഞാൻ വിവരമുള്ള ഒരു സൂക്ഷിപ്പുകാരനായിരിക്കും] (സൂറത്ത് അൽ യൂസുഫ് 54-55).

ചുമതലകൾ നമ്മിൽ നിന്ന് ആവശ്യപ്പെടുന്നത് പ്രതിബദ്ധതയും നല്ല നേട്ടങ്ങൾ കൈവരിക്കാനുള്ള ശേഷിയും സത്യസന്ധതയും ആത്മാർത്ഥതയുമാണ്. യോഗ്യതയുള്ളവരും കടമകൾ നിറവേറ്റാൻ ശേഷിയുള്ളവരുമാണ് ഇതിനൊരുങ്ങേണ്ടത്. അതിനാൽ പദവിയുടെ ആകർഷണീയയാൽ ഭ്രമിച്ചുകൊണ്ടല്ല ചുമതലകൾ ഏറ്റെടുക്കേണ്ടത്, പകരം, എല്ലാ ജനങ്ങളെയും സേവിക്കുന്നതിനുള്ള ഒരവസരമായാണ് പദവികളെയും സ്ഥാനങ്ങളെയും കാണേണ്ടത്.

അല്ലാഹുവിന്റെ ദാസരേ, അവനെ ഭയപ്പെടുക, എപ്പോഴും യുവാക്കൾക്ക് സത്യത്തിലേക്കുള്ള മാർഗ്ഗങ്ങൾ ഉപദേശിക്കുക. സമൂഹത്തിന് നന്മ കൈവരുത്തുന്നത് തേടുക. അങ്ങനെയെങ്കിൽ അല്ലാഹു നിങ്ങളെ ശരിയായ പാതയിലേക്ക് നയിക്കും, നിങ്ങളുടെ ഉദ്യമങ്ങളിലെല്ലാം വിജയവും നൽകും.

അതിനാൽ, സന്ദേശവാഹകരുടെ നേതാവായ മുഹമ്മദ് നബിയിൽ (സ്വ) അങ്ങയുടെ അനുഗ്രഹം ചൊരിയുക, കാരണം വിശുദ്ധ പുസ്തകത്തിൽ അല്ലാഹു ഇങ്ങനെ പറയുന്നു: [തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിയോട് (സ്വ) കാരുണ്യം കാണിക്കുന്നു. സത്യവിശ്വാസികളേ, നിങ്ങൾ അദ്ദേഹത്തിന്റെ മേൽ (അല്ലാഹുവിന്റെ) കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർത്ഥിക്കുക] (സൂറത്ത് അൽ അഹ്സാബ് 56).

അല്ലാഹു! അബ്രാഹമിന്റെയും അവന്റെ കുടുംബത്തിന്റെയും മേൽ നീ കരുണ ചൊരിഞ്ഞത് പോലെ മുഹമ്മദിന്റെയും (സ്വ) അവന്റെ കുടുംബത്തിന്റെയും മേൽ നീ കരുണ ചൊരിയേണമേ. അബ്രാഹമിന്റെയും അവന്റെ കുടുംബത്തിന്റെയും മേൽ നീ അനുഗ്രഹം ചൊരിഞ്ഞത് പോലെ മുഹമ്മദിന്റെയും അവന്റെ കുടുംബത്തിന്റെയും മേൽ നീ അനുഗ്രഹം ചൊരിയേണമേ. നീ മാത്രമാണ് ആരാധനയ്ക്ക് അർഹനും ഏറ്റവും ശ്രേഷ്ഠനും.

ധർമ്മനിഷ്ഠരായ ഖലീഫയുടെയും അവന്റെ കുടുംബത്തിന്റെയും അനുയായികളുടെയും വിശ്വാസികളുടെയും മേൽ അന്തിമ വിധി ദിവസം വരെയും നീ കരുണ ചൊരിയണേ. ഞങ്ങളിലും കരുണ ചൊരിയണേ. അല്ലാഹു, നീയാണ് ഏറ്റവും ദയാപരൻ.

അല്ലാഹു! ഇവിടെ കൂടിയിരിക്കുന്ന ഞങ്ങളെ അനുഗ്രഹിക്കണേ, ഞങ്ങളെ സമാധാനത്താൽ പ്രസരിപ്പിക്കണേ, പാപത്തിൽ നിന്ന് പരിരക്ഷിക്കണേ, ഞങ്ങളുടെ മതത്തിൽ ഞങ്ങൾക്ക് പോരായ്മകളൊന്നും തോന്നിക്കരുതേ.

അല്ലാഹു! മാർഗ്ഗനിർദ്ദേശവും ഭക്തിയും പരിശുദ്ധിയും ധനവും തന്ന് ഞങ്ങളെ അനുഗ്രഹിക്കണേ.

അല്ലാഹു! സത്യസന്ധമായ നാവും പാപബോധമുള്ളതും വിനയമുള്ളതുമായ ഹൃദയവും ധർമ്മനിഷ്ഠമായ പ്രവൃത്തികളും ഉപയോഗപ്രദമായ അറിവും ഉറച്ചതും പരിശുദ്ധവുമായ വിശ്വാസവും നിയമപരമായ ഉപജീവനമാർഗ്ഗവും തന്ന് ഞങ്ങളിൽ ഓരോരുത്തരെയും അനുഗ്രഹിക്കണേ. അല്ലാഹു, നീ മാത്രമാണ് ഏറ്റവും ശ്രേഷ്ഠനും ബഹുമാന്യനും.

അല്ലാഹു! ഇസ്ലാമിനും മുസ്ലീങ്ങൾക്കും യശസ്സ് തരേണമേ. ഇസ്ലാമിനും മുസ്ലീങ്ങൾക്കും പിന്തുണയും ഐക്യവും നൽകണേ. അല്ലാഹു! സ്വേച്ഛാധിപതികളെയും അവിശ്വാസികളെയും താഴ്ത്തണേ. അല്ലാഹു! ഞങ്ങൾ എല്ലാ ദാസർക്കും സമാധാനവും സുരക്ഷയും നൽകണേ.

അല്ലാഹു! ഞങ്ങളുടെ മാതൃരാജ്യത്തിന് സുരക്ഷിതത്വം നൽകണേ! ഞങ്ങളുടെ മാതൃരാജ്യത്തിൽ ഞങ്ങൾക്ക് നീണ്ട സുരക്ഷയും സ്ഥിരതയും നൽകണേ! ഞങ്ങളുടെ സുൽത്താന് യശസ്സ് നൽകണേ, സത്യ പിന്തുണ നൽകിക്കൊണ്ടും സത്യത്തിലേക്ക് നയിച്ചുകൊണ്ടും ഞങ്ങളുടെ സുൽത്താനെ സഹായിക്കണേ.

അല്ലാഹു! ആകാശത്തിൽ നിങ്ങൾക്കായി മഴയെ അയയ്ക്കണേ, രാത്രിയും പകലും നിന്നെ ഓർക്കുന്നവരായും പ്രഭാതത്തിലും സായാഹ്നത്തിലും നിന്റെ മാപ്പിന് അപേക്ഷിക്കുന്നവരായും ഞങ്ങളെ മാറ്റണേ.

അല്ലാഹു! ആകാശത്തിന്റെ അനുഗ്രഹങ്ങളും ഭൂമിയുടെ ഔദാര്യവും ഞങ്ങളിൽ ചൊരിയണേ. ഞങ്ങളുടെ ഫലങ്ങളും വിളകളും ഞങ്ങളുടെ ഉപജീവനമാർഗ്ഗവും അനുഗ്രഹിക്കണേ. അല്ലാഹു, നീയാണ് ഏറ്റവും ശ്രേഷ്ഠനും ബഹുമാന്യനും.

അല്ലാഹു! ഈ ലോകത്തിലും പരലോകത്തിലും ഞങ്ങൾക്ക് നല്ലത് തരേണമേ, അഗ്നി ശിക്ഷയിൽ നിന്ന് ഞങ്ങളെ പരിരക്ഷിക്കണേ."

നീ നിർദ്ദേശിച്ചതിൽ നിന്ന് ഞങ്ങളുടെ ഹൃദയങ്ങൾ വ്യതിചലിക്കാൻ അനുവദിക്കരുതേ, നിന്റെ കരുണ ഞങ്ങളിൽ ചൊരിയേണമേ, തീർച്ചയായും നീ മാത്രമാണ് അനുഗ്രഹം ചൊരിയുന്നവൻ.

അല്ലാഹു! ഞങ്ങൾ ഞങ്ങളോട് തന്നെ തെറ്റുചെയ്തവരാണ്. നീ മാപ്പ് തരികയും ദയ കാണിക്കുകയും ചെയ്തില്ലെങ്കിൽ ഞങ്ങൾ പരാജിതരാകും."

അല്ലാഹു! ജീവിക്കുന്നവരും മരിച്ചവരുമായ, വിശ്വാസികളായ എല്ലാ പുരുഷന്മാർക്കും സ്ത്രീകൾക്കും മാപ്പ് നൽകണേ. നീ മാത്രമാണ് ഞങ്ങളുടെ പ്രാർത്ഥന കേൾക്കുന്നവനും അനുഗ്രഹങ്ങൾ നൽകുന്നവനും.

അല്ലാഹുവിന്റെ ദാസരേ! [തീർച്ചയായും അല്ലാഹു കൽപിക്കുന്നത് നീതി പാലിക്കുവാനും നന്മ ചെയ്യുവാനും കുടുംബബന്ധമുള്ളവർക്ക് (സഹായം) നൽകുവാനുമാണ്. അവൻ വിലക്കുന്നത് നീചവൃത്തിയിൽ നിന്നും ദുരാചാരത്തിൽ നിന്നും അതിക്രമത്തിൽ നിന്നുമാണ്. നിങ്ങൾ ചിന്തിച്ചു ഗ്രഹിക്കുവാൻ വേണ്ടി അവൻ നിങ്ങൾക്കു ഉപദേശം നൽകുന്നു].